ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നീറ്റ് വിഷയത്തിൽ ലോക് സഭയിലും രാജ്യസഭയിലും പ്രതിപക്ഷ ബഹളം; ഇരു സഭകളും തിങ്കളാഴ്ച വരെ പിരിഞ്ഞു. രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ച നടന്നു.

   **Opposition protests in Lok Sabha and Rajya Sabha on the NEET issue; both houses adjourned till Monday. The debate on the motion of thanks on the President's speech was held in the Rajya Sabha**

2. നീറ്റ് പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട എല്ലാ കുറ്റവാളികൾക്കെതിരായും കർശനനടപടി സ്വീകരിക്കുമെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്രപ്രധാൻ

   **Union Minister Dharmendra Pradhan says strict action will be taken against all criminals involved in NEET exam controversy.**

3. കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്കൗട്ട്; ഖാദി ബോർഡ് വൈസ് ചെയർമാനെതിരെയുള്ള ആരോപണത്തിൽ അടിയന്തിര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ വിട്ടു.

   **Opposition walkout in Kerala Assembly today; The opposition left the House in protest over the denial of permission for the adjournment motion notice on the allegation against the Khadi Board Vice-Chairman.**

4. ജനജീവിതത്തെ ബാധിച്ച് ന്യൂഡൽഹിയിൽ കനത്ത മഴ; കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം; കേരളം- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്

   **Heavy rain in New Delhi affected people's lives; mild relief from rain in Kerala; Prohibition on fishing in Kerala-Lakshadweep coasts**

5. ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് ഫൈനൽ നാളെ- ബ്രിഡ്ജ്ടൗണിൽ നാളെ ഇന്ത്യ- ദക്ഷിണാഫ്രിക്കയെ നേരിടും

**Twenty20 Cricket World Cup Final tomorrow: India will face South Africa at Bridgetown**

**&&&&&&&&&&&&&&&&&&**

## PARLIAMENT SESSION- INTRO

നീറ്റ് പരീക്ഷാ ക്രമക്കേടിൽ പാർലമെന്റിന്റെ ഇരുസഭകളിലും പ്രതിപക്ഷ ബഹളം. പ്രതിഷേധത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.

***വിശദാംശങ്ങളിലേക്ക്.............***

***(വോയിസ്)***

**&&&&&&&&&&&&&&&&&&**

## PARLIAMENT SESSION- VOICE

രാവിലെ ലോക്സഭ സമ്മേളിച്ചപ്പോൾ നീറ്റ് പരീക്ഷയിലെ ക്രമക്കേടുകൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ പാർട്ടികൾ രംഗത്തുവന്നു. എന്നാൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദി പ്രമേയത്തിനിടെ മറ്റൊരു ചർച്ച അനുവദിക്കാനാകില്ലെന്ന് വ്യക്തമാക്കി അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ ഓം ബിർള അനുമതി നിഷേധിച്ചു. തുടർന്ന് കോൺഗ്രസ്, ഡിഎംകെ, ടിഎംസി, സമാജ്വാദി പാർട്ടി തുടങ്ങിയ പ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങൾ നടുത്തളത്തിലിറങ്ങി. ബഹളത്തെ തുടർന്ന് സഭ 12 മണി വരെ നിർത്തിവച്ചു. പിന്നീട് സഭ വീണ്ടും സമ്മേളിക്കവെ, വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് അംഗങ്ങൾ മുദ്രാവാക്യം മുഴക്കി. എന്നാൽ വിഷയം പരിശോധിക്കാൻ സമിതി രൂപീകരിച്ചതായും ആസൂത്രണം ചെയ്ത രീതിയിൽ സഭ പ്രവർത്തിക്കാൻ അനുവദിക്കാത്തത് പാർലമെന്ററി ജനാധിപത്യത്തിന് വിരുദ്ധമാണെന്നും സ്പീക്കർ ഓം ബിർള വ്യക്തമാക്കി. പ്രതിപക്ഷ ബഹളം രൂക്ഷമായതോടെ സഭ

ഇന്നത്തേക്ക് പിരിയുകയായിരുന്നു. അതേസമയം, നീറ്റ് വിഷയത്തിലെ പ്രതിപക്ഷ പ്രതിഷേധത്തിൽ രാജ്യസഭാ നടപടികളും പലതവണ തടസ്സപ്പെട്ടു. വിഷയത്തിൽ ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷ എം പിമാർ നൽകിയ അടിയന്തരപ്രമേയ നോട്ടീസിന് സഭാധ്യക്ഷൻ ശ്രീ ധൻഖർ അനുമതി നിഷേധിച്ചതോടെയാണ് പ്രതിഷേധം ഉയർന്നത്. സഭ ആദ്യം പിരിഞ്ഞശേഷം ഉച്ചയ്ക്ക് 12 മണിക്ക് വീണ്ടും സമ്മേളിച്ചപ്പോഴും ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷ എംപിമാർ നടുത്തളത്തിലിറങ്ങി. പ്രതിഷേധം രൂക്ഷമായതോടെ 2 തവണ കൂടി സഭാ നടപടികൾ നിർത്തിവച്ചു. തുടർന്ന് രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിൻമേലുള്ള നന്ദിപ്രമേയ ചർച്ച നടന്നു. ഇരു സഭകളും തിങ്കളാഴ്ച വീണ്ടും ചേരും. ന്യൂസ് ഡെസ്ക് ആകാശവാണി.............

&&&&&&&&&&&&&&&&&&

**RAJYA SABHA**

പാർലമെന്റിന്റെ സംയുക്ത സഭകളെ അഭിസംബോധന ചെയ്യുള്ള രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേൽ രാജ്യ സഭയിൽ ഇന്ന് നന്ദി പ്രമേയ ചർച്ച നടന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കോൺഗ്രസിനെ അപേക്ഷിച്ച് എൻഡിഎ സഖ്യത്തിന് കൂടുതൽ വോട്ട് വിഹിതം ലഭിച്ചിട്ടുണ്ടെന്ന് ചർച്ചയ്ക്ക് തുടക്കമിട്ട ബിജെപി എംപി സുധാൻഷു ത്രിവേദി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിൽ ഇന്ത്യ വിജയത്തിന്റെ പുതിയ ഉയരങ്ങൾ കൈവരിച്ചതായും ബ്രിട്ടനെ പിന്തള്ളി ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറിയെന്നും അദ്ദേഹം അവകാശപ്പെട്ടു. ജമ്മു കശ്മീരിലെ ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് ബിജെപി നേതൃത്വത്തിലുള്ള സർക്കാരിനെ വൈഎസ്ആർ കോൺഗ്രസ് എംപി ഗോല ബാബു റാവു പ്രശംസിച്ചു. കവിതാ പാട്ടിദാർ, കൃഷ്ണ ലാൽ പൻവാർ, ഡോ. ഭീം സിങ്, ഡോ. അനിൽ ബോണ്ടെ,

ബിജെപിയുടെ രാം ചന്ദർ ജംഗ്ര തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&&&&**

**EDUCATION MINISTER**

നീറ്റ് പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട എല്ലാ കുറ്റവാളികൾക്കെതിരായും കർശനനടപടി സ്വീകരിക്കുമെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്രപ്രധാൻ.പാർലമെന്റിനു പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.വിഷയം കേന്ദ്രസർക്കാർ ഗൗരവമായി കാണുന്നതായും സഭയിൽ എന്ത് വിഷയം ചർച്ച ചെയ്യാനും സർക്കാർ തയ്യാറെന്നും ശ്രീ ധർമേന്ദ്രപ്രധാൻ വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

**NATIONAL TESTING AGENCY**

ദേശീയ ടെസ്റ്റിംഗ് ഏജൻസി പരിഷ്കരണം ശിപാർശ ചെയ്യാൻ നിയോഗിച്ച വിദഗ്ധ സമിതി വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും നിർദേശങ്ങൾ ക്ഷണിച്ചു. ISRO മുൻ ചെയർമാൻ ഡോ. കെ. രാധാകൃഷ്ണനാണ് സമിതിക്ക് നേതൃത്വം നൽകുന്നത്. MY GOV വെബ്സൈറ്റ് വഴി ജൂലൈ ഏഴ് വരെ നിർദേശങ്ങൾ നൽകാം.

**&&&&&&&&&&&&&&&&&&**

**ASSEMBLY –WALKOUT**

ഖാദി ബോർഡ് വൈസ് ചെയർമാനെതിരെയുള്ള ആരോപണങ്ങൾ സംബന്ധിച്ച അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് സണ്ണി ജോസഫ് ആണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. എന്നാൽ ചട്ട പ്രകാരമല്ലാത്തതിനാൽ നോട്ടീസ് നിരസിക്കണമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയ നോട്ടീസ് നിരസിച്ചു.

&&&&&&&&&&&&&&&&&&&

## PM-MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഞായറാഴ്ച രാവിലെ 11 മണിക്ക്. മൻ കീ ബാത്തിൻറെ 111-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും മുഴുവൻ ശൃംഖലയിലും എ ഐ ആർ ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും മൻ കീ ബാത്ത് ലഭ്യമാകും. പ്രാദേശിക ഭാഷകളിലും പരിപാടി കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&

## MAN KI BAT-QUIZ

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി ഹൈസ്കൂൾ, ഹയർ സെക്കൻ്ററി, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പ്രശ്നോത്തരിയുടെ പ്രാഥമികതല മത്സരങ്ങൾ അടുത്ത മാസം 15 നുള്ളിൽ നടക്കും.

നെഹ്റു യുവകേന്ദ്രയുടെയും, ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷൻ്റെയും നേതൃത്വത്തിലാണ് മത്സരങ്ങൾ. താലൂക്ക് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

&&&&&&&&&&&&&&&&&&

**DELHI RAINFALL**

രാജ്യതലസ്ഥാനമായ ഡൽഹിയിൽ കനത്തമഴ ജനജീവിതത്തെ സാരമായി ബാധിച്ചു. നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതിനെ തുടർന്ന് ഗതാഗതം തടസപ്പെട്ടു. അതിനിടെ, ഇന്ന് രാവിലെ ഡൽഹി വിമാനത്താവളത്തിലെ ഒന്നാം ടെർമിനലിൽ മേൽക്കൂര തകർന്ന് വീണുണ്ടായ അപകടത്തിൽ ഒരാൾ മരിക്കുകയും എട്ടോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തെ ഗൗരവമായാണ് കാണുന്നതെന്ന് വ്യോമയാന മന്ത്രി കിഞ്ജരാപ്പു റാം മോഹൻ നായിഡു മാധ്യമങ്ങളോട് പറഞ്ഞു. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെ കേന്ദ്രമന്ത്രി സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

**RAIN KERALA**

കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. ഇന്ന് തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണ്ണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## T-20 CRICKET

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റിലെ ജേതാക്കളെ നാളെ അറിയാം. നാളെ നടക്കുന്ന ലോക കപ്പ് ഫൈനലിൽ ഇന്ത്യ - ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്നലെ നടന്ന സെമിയിൽ ഇംഗ്ലണ്ടിനെ 68 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്. നാളെ ബ്രിഡ്ജ്ടൗണിൽ രാത്രി എട്ടു മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

## FOREIGN SECRETARY

ഇന്ത്യൻ വിദേശകാര്യ സർവീസ് ഉന്നതോദ്യോഗസ്ഥൻ വിക്രം മിശ്രിയെ അടുത്ത വിദേശകാര്യ സെക്രട്ടറിയായി കേന്ദ്ര സർക്കാർ നിയമിച്ചു. അടുത്ത മാസം 14ന് കാലാവധി അവസാനിക്കുന്ന വിനയ് മോഹൻ ക്വാത്രയുടെ പിൻഗാമിയായാണ് അദ്ദേഹം ചുമതലയേൽക്കുന്നത്. നിലവിൽ ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റിൽ ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവായി പ്രവർത്തിക്കുന്ന അദ്ദേഹം, 1989 ബാച്ച് ഐ എഫ് എസ് ഓഫീസറാണ്. ചൈന, മ്യാൻമർ, സ്പെയിൻ എന്നിവിടങ്ങളിൽ ഇന്ത്യൻ പ്രതിനിധിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐ കെ ഗുജ്റാൾ, മൻമോഹൻ സിംഗ്, നരേന്ദ്ര മോദി എന്നീ മൂന്ന് പ്രധാനമന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച അപൂർവ നേട്ടവും മിസ്രിക്കുണ്ട്.

&&&&&&&&&&&&&&&&&&

## NEW CRIMINAL LAWS

ഭാരതീയ ന്യായ സൻഹിത,2023 ,ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത 2023 ,ഭാരതീയ സാക്ഷ്യ അധിനീയം 2023 എന്നിങ്ങനെ

മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ അടുത്തമാസം ഒന്നുമുതൽ നിലവിൽ വരും.കുറ്റകൃത്യങ്ങൾ ഓൺലൈൻ ആയി റിപ്പോർട്ട് ചെയ്യൽ, ഏതു പോലീസ് സ്റ്റേഷനുകളിലും എഫ് ഐ ആർ ഫയൽ ചെയ്യൽ,ഇരകൾക്കു എഫ് ഐ ആറിന്റെ സൗജന്യ പകർപ്പ് ലഭ്യമാക്കുക തുടങ്ങിയ വ്യവസ്ഥകൾ പുതിയ നിയമങ്ങളുടെ സവിശേഷതകളാണ്. സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി തയ്യാറായതായി ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**YADAV-BRICS ENVIRONMENT SUMMIT**

പാരിസ്ഥിതിക വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിനായി സുസ്ഥിരജീവിതശൈലി അനുവർത്തിക്കണമെന്നു കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ്.ബ്രിക്സ് രാജ്യങ്ങളുടെ പരിസ്ഥിതിമന്ത്രിമാർ പങ്കെടുത്ത വിർച്വൽ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഈ വർഷം കെനിയയിൽ നടന്ന ഐക്യരാഷ്ട്രസഭപരിസ്ഥിതി സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയം നടപ്പിലാക്കാൻ ബ്രിക്സ് അംഗരാജ്യങ്ങൾ മുന്നോട്ടു വരണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ച ഏക് പേട് മാ കെ നാം പ്രചാരണപരിപാടിയ്ക്ക് അംഗരാജ്യങ്ങൾ പിന്തുണ നൽകണമെന്നും ശ്രി ഭൂപേന്ദർ യാദവ് അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&&

**CANCER MEDICINE-VEENA GEORGE**

കാൻസർ ചികിത്സയ്ക്കുള്ളതും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് ശേഷം ഉപയോഗിക്കേണ്ടതുമായ വില കൂടിയ മരുന്നുകൾ സംസ്ഥാനത്ത് ലാഭം ഒട്ടുമില്ലാതെ രോഗികൾക്ക്

നൽകുമെന്ന് മന്ത്രി വീണാ ജോർജ്. 800 ഓളം മരുന്നുകൾ കമ്പനി വിലയ്ക്ക് തന്നെ ലഭ്യമാക്കും. ഇതിലൂടെ രോഗികളുടെ ചികിത്സാ ചെലവ് കുറയുമെന്നും മന്ത്രി പറഞ്ഞു. കാരുണ്യ ഫാർമസികൾ വഴിയായിരിക്കും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുക. ഇതിനായി അടുത്ത മാസം മുതൽ കാരുണ്യ ഫാർമസികളിൽ 'ലാഭ രഹിത കൗണ്ടറുകൾ' ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## RBI S- FINANCIAL STABILITY REPORT

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തവും സുസ്ഥിരവുമായി മുന്നേറുന്നതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫിനാഷ്യൽ സ്റ്റെബിലിറ്റി റിപ്പോർട്ട്. രാജ്യത്തെ വാണിജ്യ ബാങ്കുകളുടെ മൊത്ത നിഷ്ക്രിയ ആസ്തി കുറഞ്ഞതായും റിപ്പോർട്ടിൽ പറയുന്നു. ഭൗമരാഷ്ട്രീയ പ്രശ്നങ്ങൾ കാരണം ആഗോള സമ്പദ്‌വ്യവസ്ഥയിൽ പ്രതിസന്ധി നേരിടുന്നുണ്ടെങ്കിലും സാമ്പത്തിക സ്ഥിതിയിൽ സുസ്ഥിരത തുടരുന്നെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

## HEMANT SOREN

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറന് ജാമ്യം അനുവദിച്ച് ഹൈക്കോടതി. ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ നൽകിയ ജാമ്യാപേക്ഷയാണ് ജാർഖണ്ഡ് ഹൈക്കോടതി അംഗീകരിച്ചത്. കഴിഞ്ഞ ജനുവരി 31നാണു ഹേമന്ത് സോറനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&&&

## IRAN PRESIDENTIAL ELECTION

ഇറാനിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. നിലവിലെ പ്രസിഡന്റ് ഇബ്രാഹിം റൈസി കഴിഞ്ഞ മാസം ഹെലികോപ്റ്റർ അപകടത്തിൽ കൊല്ലപ്പെട്ടതിന് പിന്നാലെയാണ് തിരഞ്ഞെടുപ്പ്. ഇറാന്റെ പരമോന്നത നേതാവ് അലി ഖമേനി ഉൾപ്പെടെയുള്ളവർ വോട്ട് രേഖപ്പെടുത്തി. 95 ലധികം സംസ്ഥാനങ്ങളിലായി 59,000 പോളിങ് സ്റ്റേഷനുകളിലാണ് വോട്ടെടുപ്പ് പുരോഗമിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&